## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1610** | **19-06-2024 - ൽ മറുപടിയ്ക്ക്**

## ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് റവന്യൂ ടവറിന്റെ ദൈനംദിന പരിപാലനം, ശുചീകരണം, മാലിന്യ നിർമ്മാർജ്ജനം എന്നീ കാര്യങ്ങളുമായി ബന്ധപ്പെട്ട് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.07.2022 ന് ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളിലെ എതെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ; | (എ) | ടി യോഗ തീരുമാന പ്രകാരം റവന്യൂ ടവറിന്റെ ദൈനംദിന പരിപാലനത്തിനായി കാർത്തികപ്പള്ളി തഹസിൽദാരെ എസ്റ്റേറ്റ് ഓഫീസറാക്കി നിയമിച്ച് പോലീസ് ഡെപ്യൂട്ടി സൂപ്രണ്ട് - കായംകുളം, പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (നിരത്ത് വിഭാഗം) - ആലപ്പുഴ, പി.ഡബ്ല്യൂ.ഡി. അസി. എക്സിക്യൂട്ടീവ് എൻജിനിയർ (ഇലക്ട്രിക്കൽ വിഭാഗം) - ആലപ്പുഴ, അസി. എക്സി. എൻജിനിയർ വാട്ടർ അതോറിറ്റി, ഫയർ സ്റ്റേഷൻ ഓഫീസർ - ഹരിപ്പാട് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ആദ്യ യോഗം 10/02/2023 ന് ചേരുകയും ചെയ്തു. റവന്യൂ ടവറിൽ ലിഫ്റ്റ്, കുടിവെള്ളം, വൈദ്യുതി, സെക്യൂരിറ്റി, ക്ലീനിംഗ് എന്നിവയ്ക്കുള്ള ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആയത് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുകയും മാസചെലവുകൾ ക്രോഡീകരിച്ച് ആവശ്യമുള്ള തുകയ്ക്കുള്ള ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിട്ടുമുണ്ട്. ടി റവന്യൂ ടവറിലെ ജീവനക്കാർ ചേർന്ന് രൂപീകരിച്ച HEART എന്ന കൂട്ടായ്മ മാസശമ്പളത്തിൽനിന്നും ഒരു വിഹിതം പൊതു അക്കൗണ്ടിലേക്ക് മാറ്റി ആയതിൽ നിന്നും 16000/- രൂപ പ്രതിമാസ ശമ്പളം നൽകി ഒരു സെക്യൂരിറ്റിയെ നിയമിച്ചിട്ടുണ്ട്.<br><br>റവന്യൂ ടവറിലെ ലിഫ്റ്റ് പ്രവർത്തനക്ഷമമാക്കിയിട്ടുള്ളതും, റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകളിലെ സ്വീപ്പർമാരെക്കൊണ്ട് അതാത് നിലകൾ വൃത്തിയാക്കുകയും കോമൺ ഏരിയ ക്ലീൻ ചെയ്തുവരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത യോഗത്തിന്റെ തീരുമാനപ്രകാരം ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തനത്തിനായി കാർത്തികപള്ളി തഹൽസിദാറിനെ എസ്റ്റേറ്റ് | (ബി) | 18.07.2022ലെ യോഗ തീരുമാന പ്രകാരം റവന്യൂ ടവറിന്റെ പ്രവർത്തനത്തിനായി കാർത്തികപ്പള്ളി തഹസിൽദാറിനെ എസ്റ്റേറ്റ് ആഫീസറായി നിയമിച്ച് |

| | | | |
|---|---|---|---|
| | ഓഫീസറാക്കി നിയമിച്ച് പി.ഡബ്ല്യൂ.ഡി. നിരത്ത്/ ഇലക്ട്രിക്കൽ വിഭാഗം, പോലീസ്, അഗ്നിശമന സേന, വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഒരു കോപ്പി ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | വിവിധ വകുപ്പ് ഉദ്യോഗസ്ഥരെ കമ്മിറ്റിയിൽ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ആദ്യ യോഗം 10/02/2023 ന് ചേരുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മേൽപ്പറഞ്ഞ യോഗത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് റവന്യൂ ടവറിന്റെ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | ഹരിപ്പാട് റവന്യൂ ടവർ സ്ഥിതി ചെയ്യുന്ന ഭൂമി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് പട്ടയം നൽകിയിട്ടുള്ളതും നിലവിൽ ബോർഡിന്റെ കൈവശാവകാശത്തിലുമാണ്. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് നിർമ്മാണം പൂർത്തിയാക്കുന്നതിനായി ചെലവായ തുകയുടെ ഫൈനൽ റീഇംബേഴ്സ്മെന്റ് ക്ലെയിം ആയി 2,60,63,016/- രൂപ ബോർഡിന് അനുവദിച്ച് റവന്യൂ ടവർ കെട്ടിടം സർക്കാർ ഏറ്റെടുക്കണമെന്ന ബോർഡ് സെക്രട്ടറിയുടെ അപേക്ഷ സർക്കാർ പരിഗണനയിലാണ്. |
| (ഡി) | ഹരിപ്പാട് റവന്യൂ ടവറിന്റെ പ്രവർത്തന പോരായ്മകൾ പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഹരിപ്പാട് റവന്യൂ ടവറിന്റെ പരിപാലന ചെലവിലേക്കായി പ്രത്യേക ഫണ്ട് ലഭ്യമല്ലാത്തതിനാൽ ജീവനക്കാരുടെ കൂട്ടായ്മ ഫണ്ട് സമാഹരിച്ച് ലിഫ്റ്റ് മെയിന്റനൻസ്, ഇലക്ട്രിക്കൽ പ്ലംബിംഗ് വർക്കുകൾ, സെക്യൂരിറ്റി നിയമനം, സേഫ്റ്റി ടാങ്ക് ക്ലീനിംഗ് തുടങ്ങിയവ നടത്തി വരുന്നു. ടി സമുച്ചയവും സ്ഥലവും റവന്യൂ വകുപ്പിന് കൈമാറി പ്രത്യേക പരിപാലന ഫണ്ട് അനുവദിച്ചും മാലിന്യം സംസ്കരിക്കുവാൻ ഇൻസിനേറ്റർ, എയറോബിക് യൂണിറ്റ് തുടങ്ങിയവ സ്ഥാപിച്ചും പാർക്കിംഗ്/സുരക്ഷാ ക്രമീകരണങ്ങൾക്കായി സെക്യൂരിറ്റി സ്റ്റാഫിനെ നിയോഗിച്ചും ലിഫ്റ്റ് പരിപാലനത്തിനായി എ.എം. സി പുതുക്കിയും ഏഴ് നിലകളിലായി ഇരുപതിൽപരം ഓഫീസുകൾ പ്രവർത്തിക്കുന്ന റവന്യൂ ടവറിന്റെ പ്രവർത്തനം സുഗമമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ